ഉത്തരം

(എ) ഇടമലയാർ, വാമനപുരം, ബേപ്പൂർപുഴ, കുറിയാർകുറ്റി, കരപ്പാറ, കാക്കടവ് എന്നീ പദ്ധതികളാണ് ആറാം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) 1978-83 ലേയ്ക്കു 1,300 ലക്ഷം ഉറുപ്പിക കാക്കടവ് പദ്ധതിക്ക് വക കൊള്ളിച്ചിട്ടുണ്ട്.

(സി) ഏഴാം പഞ്ചവത്സര പദ്ധതി കാലത്ത് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജലസേചന പദ്ധതികളുടെ പ്രവർത്തനം

742 [1086] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർപുഴ പ്രോജക്റ്റിൽ 1978-79-ലെ പ്രവർത്തനത്തിന് നീക്കി വച്ച സംഖ്യ മുഴുവൻ ഉപയോഗിക്കരുതെന്ന് നിർദ്ദേശം നൽകുകയുണ്ടായോ; എത്ര സംഖ്യ അതിൽ നിന്നെടുത്തു മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി;

(ബി) ചിറ്റൂർപുഴ പ്രോജക്റ്റിൽ ചില കനാൽ പ്രവർത്തിക്കുന്നതിനാൽ ആവശ്യപ്പെടുകയും പിന്നീട് ചിലത് റദ്ദാക്കപ്പെടുകയും ഉണ്ടായിട്ടുണ്ടോ; എന്തു കാരണത്താൽ?

ഉത്തരം

(എ) നീക്കിവച്ച സംഖ്യ മുഴുവൻ ഉപയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടില്ല. ചിറ്റൂർപുഴ പദ്ധതിക്കു വേണ്ടി 1978-79-ലേക്കു വകകൊള്ളിച്ചിട്ടുള്ള സംഖ്യയിൽനിന്ന് ഏകദേശം 9.50 ലക്ഷം രൂപ ഈ പദ്ധതിയുടെ തന്നെ മറ്റൊരു ഭാഗമായ മൂലത്തറ വലതുകര കനാലിനു വേണ്ടി ഉപയോഗിക്കുവാൻ പരിപാടിയുണ്ട്.

(ബി) ടെൻഡർ ആവശ്യപ്പെട്ടതിനു ശേഷം റദ്ദാക്കിയ യാതൊരു കേസും ഉണ്ടായിട്ടില്ല.

തൊഴിൽ നിയമങ്ങൾക്ക് ഭേദഗതി

743 [1088] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമലംഘനകേസ്സുകളിൽ നിയമലംഘകർക്കു നാമമാത്രമായ ശിക്ഷ മാത്രം നൽകുന്നതുമൂലം തൊഴിൽ നിയമലംഘന കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly